പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 55 | 06.02.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, എ.കെ.ബാലൻ :
,, രാജു എബ്രഹാം :
പ്രൊഫ. സി.രവീന്ദ്രനാഥ് :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖല, സ്വകാര്യ വൽക്കരിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കുന്നതു സംബന്ധിച്ച ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല. നിലവിൽ സംസ്ഥാന സർക്കാരിൻെറ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനമായ സംസ്ഥാന വൈദ്യുതി ബോർഡിനെ 2003-ലെ വൈദ്യുതി നിയമത്തിലെ 131 മുതൽ 134 വരെയുള്ള വകുപ്പുകൾക്കു വിധേയമായി പുന: സംഘടിപ്പിക്കുമ്പോൾ ഉല്പാദനം, പ്രസരണം, വിതരണം എന്നീ പ്രവർത്തനങ്ങളെല്ലാം നിർവഹിക്കുന്ന പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഒറ്റക്കമ്പനിയായി നിലനിർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) വൈദ്യുതി വിതരണ മേഖല സ്വകാര്യവത്ക്കരിക്കാനും വർഷംതോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനും സമ്മതം അറിയിച്ചുകൊണ്ട് സംസ്ഥാനസർക്കാർ, കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ;

(ബി) ഇല്ല.

ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾ ക്കായി ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിൻെറ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി. ഈ സ്കീമിൻെറ പ്രധാനപ്പെട്ട വ്യവസ്ഥകളിൽ സംസ്ഥാന വിതരണ കമ്പനികളുടെ 2012 മാർച്ച് 31 വരെയുള്ള ഹ്രസ്വ കാല ബാദ്ധ്യതകളുടെ (Short term liabilities) 50% കേന്ദ്ര സർക്കാരിൻെറ സഹായത്തോടു കൂടി സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കണമെന്നതും ഉൾപ്പെടുന്നു. 2011-12-ലെ താല്ക്കാലിക കണക്കുകൾ പ്രകാരം, ടി പദ്ധതിയിൻ കീഴിൽ അനുവദനീയമായ 2640.63 കോടിയുടെ ഹ്രസ്വകാല ബാദ്ധ്യതകൾ കെ. എസ്. ഇ. ബിയ്ക്ക് ഉള്ളതായാണ് കണക്കാക്ക

പ്പെട്ടിട്ടുള്ളത്. സംസ്ഥാന വിതരണ കമ്പനികൾക്ക് ഈ സ്കീമിൽ ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ. സ്കീമിൽ ചേരുന്നതു സംബന്ധിച്ച 'തത്വത്തിലുള്ള' സന്നദ്ധത ഒരാഴ്ച്ചയ്ക്കകം അറിയിക്കണമെന്ന് 2012 നവംബർ 14-ലെ കത്തു പ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു.

11-12-2012-ലെ ബോർഡ് ഉത്തരവു പ്രകാരം സാമ്പത്തിക പുന:രുദ്ധാരണ പാക്കേജ് കെ. എസ്. ഇ. ബിയിൽ നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകാനും തുടർ നടപടികൾക്ക് സർക്കാരിനെ സമീപിക്കാനും സംസ്ഥാന വൈദ്യുതി ബോർഡ് തിരുമാനിച്ചിരുന്നു.

ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സാമ്പത്തിക പുനരുദ്ധാരണ സ്കീം സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കുക, വർഷം തോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളിന്മേൽ വിശദമായ പരിശോധനയ്ക്കു ശേഷം മാത്രമേ സർക്കാർ അന്തിമ തീരുമാനം എടുക്കുകയുള്ളൂ. സ്വകാര്യ പങ്കാളിത്തത്തിൻെറ പ്രസക്തി AT & C നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനാണ്. കേരളത്തിൽ പൊതുമേഖലയിൽ തന്നെ പ്രസരണ - വിതരണ നഷ്ടം ഗണ്യമായി കുറച്ചുകൊണ്ടുവന്ന സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തിനുള്ള നിബന്ധന ഒഴിവാക്കാനാകുമെന്നാണ് കരുതുന്നത്.

| | |
|---|---|
| (സി) കേരളം സ്വീകരിച്ചുവരുന്ന നിലപാടിൽ മാറ്റം വരുത്തിക്കൊണ്ട് ഇത്തരമൊരു കത്ത് അയക്കുവാൻ ഏത് തലത്തിലാണ് തീരുമാനമെടുത്തത്? | (സി) കേരളത്തിൻെറ പ്രഖ്യാപിത നിലപാടിനു വിരുദ്ധമായി തീരുമാനം എടുക്കുകയോ കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.